**Kerala State**
**Film Development Corporation Ltd.**
Chalachitra Kalabhavan, Vazhuthacaud, Trivandrum-695 014
KERALA, INDIA, Tel : 0471-2321586, 2325325 (off)
Fax : 0471-2320342, E-mail : ksfdc@asianetindia.com
CIN-U92111KL1975SGC002707

No.5556/T3/16/KSFDC 30.11.2016

പ്രസിദ്ധീകരണത്തിന്

(All Kerala editions)

**കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ (KSFDC) ഡോക്യുമെന്ററി /പരസ്യ ചിത്ര സംവിധായകരുടെ പുതിയ പാനൽ തയ്യാറാക്കുന്നതിനായി അപേക്ഷ ക്ഷണിക്കുന്നു.**

തിരുവനന്തപുരം : സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ നിർമ്മിക്കുന്ന പരസ്യ ചിത്രങ്ങൾ, ഡോക്യുമെന്ററികൾ, ഹ്രസ്വചിത്രങ്ങൾ എന്നിവ സംവിധാനം ചെയ്യുന്നതിന് സംവിധായകരുടെ പുതിയ പാനൽ തയ്യാറാക്കുന്നു. നിലവിലുള്ള പാനൽ ലിസ്റ്റിലുള്ളവർ വീണ്ടും അപേക്ഷിക്കേണ്ടതാണ്. താഴെപറയുന്ന യോഗ്യതയുള്ളവർക്ക് പാനലിൽ ഉൾപ്പെടുത്തുന്നതിന് അപേക്ഷിക്കാം.

- ചലച്ചിത്ര, ടി.വി. രംഗത്ത് സംസ്ഥാന, ദേശീയ, അന്തർദേശീയ പുരസ്കാരമോ ഇൻഡ്യൻ പനോരമയിൽ പ്രവേശനമോ ലഭിച്ചിട്ടുള്ള സംവിധായകർ.
- ചലച്ചിത്ര / ഡോക്യുമെന്ററി/ പരസ്യചിത്രസംവിധാന രംഗത്ത് മതിയായ പ്രവർത്തി പരിചയമുള്ളവർ.
- പൂന ഫിലിം ഇൻസ്റ്റിറ്റ്യൂട്ട്, കൽക്കത്തയിലെ സത്യജിത് റായ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ട്, അഡയാർ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിൽ നിന്നും ഡിഗ്രിയോ ഡിപ്ലോമയോ നേടിയിട്ടുള്ളവർ.
- അംഗീകൃത സർവ്വകലാശാല അംഗീകരിച്ചതോ അവരുമായി അഫിലിയേറ്റു ചെയ്തിട്ടുള്ളതോ ആയ സ്ഥാപനങ്ങളിൽ നിന്ന് ചലച്ചിത്ര കലയിൽ ഡിഗ്രിയോ ഡിപ്ലോമയോ നേടിയിട്ടുള്ളവർ.
- അംഗീകൃത സർവ്വകലാശാലയിൽ നിന്നും മാസ് കമ്മ്യൂണിക്കേഷനിൽ ഡിഗ്രിയോ ബിരുദാനന്തര ഡിപ്ലോമയോ നേടി ഓഡിയോ വീഡിയോ പരിപാടികൾ നിർമ്മിച്ച് വൈദഗ്ദ്യം തെളിയിച്ചിട്ടുള്ളവർ.

മുകളിൽ പറഞ്ഞ യോഗ്യതകൾക്കുപുറമെ, കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ കുറഞ്ഞത് 3 പരസ്യ ചിത്രങ്ങൾ/ഡോക്യുമെന്ററികൾ/ഹ്രസ്വചിത്രങ്ങൾ/ ഡോക്യുമെന്ററി വർക്കുകൾ എങ്കിലും ചെയ്ത് മികവ് തെളിയിച്ചിട്ടുള്ളവരായിരിക്കണം. ഇവ സി.ഡിയിൽ സമർപ്പിക്കേണ്ടതുമാണ്. മതിയായ യോഗ്യതയുള്ളവർ പൂർണ്ണമായ ബയോഡാറ്റ, ഈ രംഗത്തെ പരിചയവും പാടവവും തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, ചലച്ചിത്ര കലാഭവൻ, വഴുതയ്ക്കാട്, തിരുവനന്തപുരം - 695 014 എന്ന വിലാസത്തിലോ ksfdcltd@gmail.com എന്ന ഇ-മെയിലിലോ അപേക്ഷിക്കണം. അവസാന തീയതി 31.12. 2016 ഉച്ചയ്ക്കുശേഷം 3 മണിവരെ.

വെബ്സൈറ്റ് - www.ksfdc.in

മാനേജിംഗ് ഡയറക്ടർ